LIBRARY ARCHIVES Kerala Legislative Assembly

വികസന അതോറിറ്റികൾ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം

126 [131] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന അതോറിറ്റികൾ അവയുടെ അധികാര പരിധിയ്ക്ക് പുറത്ത് പ്രോജക്ടുകൾ ഏറ്റെടുക്കുവാനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) അധികാര പരിധിയ്ക്ക് പുറത്ത് സ്വകാര്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വികസന അതോറ്റികൾക്ക് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ വിഷയത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിക്ക് ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക ഇളവ്/അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. സംസ്ഥാനത്തെ വികസന അതോറിറ്റികളുടെ അധികാര പരിധിയ്ക്ക് പുറത്ത് യൂറോപ്യൻ എക്കണോമിക് കമ്മ്യൂണിറ്റിയുടെ സാമ്പത്തിക സഹായത്താൽ റൂറൽ അഗ്രിക്കൾച്ചറൽ മാർക്കറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾക്ക്, 16-5-1992-ലെ ജി.ഒ. (എംഎസ്.) 135/92/എഡി. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി, വിശാല കൊച്ചി വികസന അതോറിറ്റി, കോഴിക്കോട് വികസന അതോറിറ്റി എന്നീ വികസന അതോറിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 29-10-2004-ലെ ജി.ഒ. (ആർറ്റി.) 3791/04/എൽ.എസ്.ജി.ഡി. പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയും ഭൂവുടമകളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് യാതൊരു 'സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിരിക്കില്ല' എന്ന നിബന്ധനയ്ക്ക് വിധേയമായി "ലാന്റ് ബാങ്ക്" പദ്ധതി രൂപീകരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(സി) ഈ വിഷയത്തിൽ വിശാലകൊച്ചി വികസന അതോറിറ്റിയ്ക്ക് ഗവൺമെന്റ് പ്രത്യേക ഇളവുകൾ ഒന്നും നൽകിയിട്ടില്ല.

ആശ്രയ പദ്ധതി

127 [132] ശ്രീ. ചെർക്കളം അബ്ദുള്ള:

" സി. ടി. അഹമ്മദ് അലി:

" പി. കെ. കെ. ബാവ:

" സി. മമ്മൂട്ടി:

" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ആശ്രയ പദ്ധതി എപ്പോഴാണ് ആരംഭിച്ചത്;

(ബി) കഴിഞ്ഞ സർക്കാർ എത്ര പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി;

(സി) ആശ്രയ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ആശ്രയ പദ്ധതിക്ക് തുടക്കം കുറിക്കുന്ന കരട് പദ്ധതി തയ്യാറാക്കിയത് ഏത് പഞ്ചായത്തിലാണ്;

(ഇ) കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് കഴിഞ്ഞ സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നോ;

(എഫ്) പദ്ധതി സമർപ്പിച്ചതനുസരിച്ചുള്ള പണം കേന്ദ്ര സർക്കാർ നൽകിയോ എങ്കിൽ എത്രയെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്.

(ബി) 179 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി.

(സി) ദരിദ്രരിൽ ദരിദ്രരായ അഗതി കുടുംബങ്ങളെ നിശ്ചിത മാനദണ്ഡ പ്രകാരം കണ്ടെത്തുക, കണ്ടെത്തപ്പെട്ട അഗതി കുടുംബങ്ങളുടെ ആവശ്യങ്ങൾ പങ്കാളിത്ത രീതിയിൽ മനസ്സിലാക്കുക, വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക, അഗതി കുടുംബങ്ങളുടെ സമഗ്രമായ പുനരധിവാസത്തിന് വിഭവ സമാഹരണം നടത്തുക. അഗതി കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന ഇല്ലായ്മകൾ പരിഹരിച്ച് ഇതര ജനവിഭാഗങ്ങൾക്കൊപ്പം സമൂഹത്തിൽ മാന്യമായി ജീവിക്കുന്നതിന് അവസരം ഒരുക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ്യങ്ങൾ.

(ഡി) ഈ പദ്ധതിയുടെ തുടക്കത്തിൽ സർക്കാർ വിഭാവനം ചെയ്ത രീതിയിലുള്ള പ്രോജക്ടുകൾ ഒരു പഞ്ചായത്തിൽ നിന്നും ലഭിച്ചിരുന്നില്ല. ഈ പശ്ചാത്തലത്തിൽ 106 ഗ്രാമപഞ്ചായത്തുകളിലെ ഭരണ സമിതി അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ശിൽപശാലകൾ നടത്തുകയും പ്രോജക്ടുകൾ പുനരാവിഷ്കരിക്കുകയും ചെയ്തു. ഇതിൽ 101 ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച പ്രോജക്ടുകൾക്ക് ആദ്യവർഷം അംഗീകാരം നൽകുകയാണുണ്ടായത്.

(ഇ) പദ്ധതി സമർപ്പിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിരുന്നു.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly